കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 22 | ജൂലായ് 30 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 കാർഷികരംഗത്ത് വലിയ ചുവടുവയ്പായി കേര മാറട്ടെ : എം.എൽ.എ വിനോദ്

6 കാർഷിക സംഭരണശാല കൃഷിമന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

7 തെരുവ് നായ നിയന്ത്രണത്തിന് മൃഗസംരക്ഷണ– തദ്ദേശ സ്വയംഭരണ വകുപ്പുകൾ സംയോജന പദ്ധതികൾ വരുന്നു – മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി

## സംസ്ഥാനത്ത് 2000 കർഷക ചന്തകൾ സംഘടിപ്പിക്കും




മലയാളികളുടെ ദേശീയ ഉത്സവമായ ഓണത്തിന്റെ ഭാഗമായി, സംസ്ഥാനത്ത് 2000കർഷക ചന്തകൾ 2025 സെപ്റ്റംബർ 1 മുതൽ 4 വരെയുള്ള നാല് ദിവസങ്ങളിലായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കും. കഴിഞ്ഞ വർഷം 1956 കർഷകചന്തകൾ വിജയകരമായി നടപ്പിലാക്കിയിരുന്നു. ഈ അനുഭവവുമായാണ് ഇക്കൊല്ലം കൂടുതൽ ശക്തമായ ആസൂത്രണത്തോടെ കർഷക ചന്തകൾ സംഘടിപ്പിക്കുന്നത്. കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, VFPCK എന്നിവയുടെ ഏകോപനത്തോടെയാണ് ഈ ചന്തകൾ ആസൂത്രണം ചെയ്തിരിക്കുന്നത്. പഞ്ചായത്ത്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി തലത്തിൽ നടക്കുന്ന കർഷക ചന്തകളിൽ 1076 എണ്ണം കൃഷിവകുപ്പും 160 എണ്ണം വി.എഫ്.പി.സി.കെയും 764 എണ്ണം ഹോർട്ടികോർപ്പും സംഘടിപ്പിക്കും.

കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയും പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുകയുമാണ് കർഷകച്ചന്തകൾ സംഘടിപ്പിക്കുന്നതിലൂടെ കൃഷി വകുപ്പും സർക്കാരും ലക്ഷ്യമിടുന്നത്. കർഷകരിൽ നിന്ന് 10% അധിക വില നൽകി പച്ചക്കറികൾ സംഭരിക്കുകയും പൊതുവിപണി വിലയേക്കാൾ 30% കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യും. ജൈവപച്ചക്കറികൾ, ഉത്തമ കൃഷിമുറകൾ (Good Agricultural Practices (GAP)) പരിപാലിച്ച് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ എന്നിവ 20% അധികവില നല്കി സംഭരിക്കുകയും പൊതുവിപണി വിലയേക്കാൾ 10% കുറച്ച് വില്പന നടത്തുകയും ചെയ്യും. ഇതിനായി 13 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തിനുള്ളിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ ഹോർട്ടികോർപ്പ് ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംഭരിക്കും. ഇതിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായി കഴിഞ്ഞു. ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക പച്ചക്കറി ഇനങ്ങളുടെ ലഭ്യത കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കും. കേരളഗ്രോ, ജൈവ ഉൽപ്പന്നങ്ങൾ, കൃഷിക്കൂട്ടങ്ങളുടെ ഉൽപ്പന്നങ്ങൾ, ഫാമുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ വിൽപ്പനക്കായി കർഷകചന്തയിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തും.

മഴ കേരളത്തിനകത്തും പുറത്തും പച്ചക്കറി ലഭ്യതയെ ബാധിച്ചേക്കാമെന്ന ആശങ്ക കണക്കിലെടുത്ത്, സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളുടെ സമാഹരണത്തിന് ആക്ഷൻ പ്ലാൻ തയ്യാറാക്കുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. വിപണികളിൽ ഓണത്തിനാവശ്യമായ എല്ലാവിധ പച്ചക്കറികളുടേയും ലഭ്യത ഉറപ്പാക്കുന്ന വിധമായിരിക്കും സംഭരണ ക്രമീകരണങ്ങൾ ഒരുക്കുക.

ചീഫ് എഡിറ്റർ - സിന്ധു കെ.എസ്.
എഡിറ്റർ - ഡോ. വി. കൃഷ്ണദാസ്
അസോസിയേറ്റ് എഡിറ്റർ - മന കെ.ജി.
അസിസ്റ്റൻറ് എഡിറ്റർ - സുജിത്ത് എസ്.എസ്.

# കർഷകർക്ക് ആശ്വാസമേകുന്ന ഏത് പദ്ധതിയും നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാ ബദ്ധമെന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്




കർഷകർക്ക് ആശ്വാസമേകുന്ന ഏത് പദ്ധതിയും നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. പി.എം. കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 20-ാം ഗഡുവിതരണം സംസ്ഥാന തലത്തിൽ നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്ന മന്ത്രി. പ്രതിവർഷം 6000 രൂപ 3 തുല്യ ഗഡുക്കളായി അർഹരായ കർഷകരുടെ അക്കൗണ്ടിലേക്ക് എത്തിക്കുന്ന പി.എം. കിസാൻ സമ്മാൻ നിധി പദ്ധതി 2018 ലാണ് ആരംഭിച്ചത്.

സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം വെള്ളനാട് മിത്രാനികേതൻ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ ഓൺലൈനായി നിർവ്വഹിച്ച സംസാരിക്കുകയായിരുന്ന മന്ത്രി. നിലവിൽ ദേശീയ തലത്തിൽ തന്നെ PM-KISAN പദ്ധതി ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാനങ്ങളിൽ കേരളം മുൻപന്തിയിൽ തന്നെയാണ് എന്നത് ഏറെ അഭിമാനകരമായ വസ്തുതയാണെന്ന് മന്ത്രി പറഞ്ഞു. അർഹത മാനദണ്ഡങ്ങളിലെ കൃത്യമായ നിരീക്ഷണം, ഭൂവിവരങ്ങളുടെ ഓൺലൈൻ സാക്ഷ്യപ്പെടുത്തൽ, e-KYC തുടങ്ങിയ പ്രവർത്തനങ്ങളിൽ സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ റവന്യൂ വകുപ്പ്, കൃഷിഭവനുകൾ, ബാങ്കുകൾ, പൊതു സേവന കേന്ദ്രങ്ങൾ തുടങ്ങിയവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് സംസ്ഥാനത്തിന് ദേശീയ തലത്തിൽ മികച്ച പുരോഗതി കൈവരിക്കാനായത് മന്ത്രി കൂട്ടിച്ചേർത്തു. കർഷകർക്ക് പിന്തുണയും പിൻബലവും നൽകേണ്ട ബാധ്യത സർക്കാരുകൾക്കും പൊതു സമൂഹത്തിനുമുണ്ട്.

സംസ്ഥാനത്തെ 29,05,392 കർഷകർക്കായി ഏകദേശം ₹610 കോടിയോളം രൂപ നേരിട്ട് ആധാർ സീഡ് ചെയ്ത അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യപ്പെട്ടും. കൃഷിഭൂമിയിലെ വാണിജ്യവത്കരണവും നമ്മുടെ നാട്ടിലേക്ക് മറ്റു രാജ്യങ്ങളിൽ നിന്നും അനിയന്ത്രിതമായ തോതിൽ കാർഷിക ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതും കർഷകരെ പ്രതിസന്ധിയിൽ കൊണ്ടെത്തിക്കുമെന്നും മന്ത്രി പറഞ്ഞു. രാജ്യത്തെ കർഷകരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്ന തരത്തിൽ പദ്ധതികൾ നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പി.എം. കിസാൻ പദ്ധതിയിലൂടെ കർഷകർക്കായി നീക്കി വെയ്ക്കുന്ന തുകയിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകട്ടെയെന്ന് മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. മിത്രാനികേതൻ കെ.വി.കെ. വൈസ് ചെയർമാൻ ഡോ. രഘു രാമദാസ് അധ്യക്ഷത വഹിച്ച ചടങ്ങിന് കെ.വി.കെ. മേധാവിയുടെ ചുമതല വഹിക്കുന്ന സീനിയർ സയന്റിസ്റ്റ് ഡോ.ചിത്ര ജി. സ്വാഗതം ആശംസിച്ചു.

പരിപാടിയോടനുബന്ധിച്ച് മൂല്യവർധിത ഉൽപന്നങ്ങളുടെ വാണിജ്യ വിപണന സാധ്യതകൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി കർഷക സംരംഭകർക്കായി സംഘടിപ്പിച്ച സെമിനാർ വെള്ളനാട് പഞ്ചായത്ത് പ്രസിഡന്റ് രാജലക്ഷ്മി.കെ.എസ്. ഉദ്ഘാടനം നിർവ്വഹിച്ചു. തിരുവനന്തപുരം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 300 ഓളം കർഷകരും സംരംഭകരും പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. കൃഷി ഡെപ്യൂട്ടി ഡയറക്ടർ അജിത് സി. പദ്ധതി വിശദീകരണവും തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ ശ്രീമതി മേരി അലക്സ് മുഖ്യപ്രഭാഷണവും നടത്തി. കെ.വി.കെ.യിലെ ഹോർട്ടിക്കൾച്ചർ സ്പെഷ്യലിസ്റ്റ് ശ്രീമതി മഞ്ജു തോമസ് യോഗത്തിനു നന്ദി പ്രകാശിപ്പിച്ചു.

# കാർഷികരംഗത്ത് വലിയ ചുവടുവയ്പായി കേര മാറട്ടെ : എം.എൽ.എ വിനോദ്




കർഷകർക്ക് ലാഭകരമാകുന്ന രീതിയിൽ കാർഷികരംഗത്ത് വലിയ ചുവടുവെപ്പായി കേര പദ്ധതി മാറട്ടെയെന്ന് എറണാകുളം എം. എൽ. എ. വിനോദ്. എറണാകുളം പാർക്ക് സെൻട്രൽ ഹോട്ടലിൽ നടന്ന കേര പദ്ധതി നിർവ്വഹണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള ബോധവത്ക്കരണ ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്ന എം. എൽ. എ. മൂല്യവർദ്ധനവിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു കർഷകർക്ക് കൂടുതൽ അവബോധം സൃഷ്ടിക്കണമെന്നും യുവകർഷകരെ കാർഷികമേഖലയിലേക്ക് ആകർഷിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര വളർച്ചയും കാലാവസ്ഥ അനുസൃത കൃഷി രീതികളിലൂടെ ഉൽപാദന വർദ്ധനവും ലക്ഷ്യമിട്ട് കൃഷി വകുപ്പ് ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന കേര( കേരള ക്ലൈമറ്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ പ്രോജക്ട് ) കേരളത്തിലെ അഗ്രി ബിസിനസുകളെ പ്രോത്സാഹിപ്പിക്കുക, കാർഷിക മേഖലയെ ഊർജ്ജപ്പെടുത്തുക, കാലാവസ്ഥ വ്യതിയാനത്തിന് അനുയോജ്യമായ കൃഷി രീതി പ്രോത്സാഹിപ്പിക്കുക, മൂല്യവർധിത കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുക, കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് കേര പദ്ധതി ലക്ഷ്യമിടുന്നത്.

കാലാവസ്ഥാ വ്യതിയാനത്തിൻ്റെ ആഘാതങ്ങൾക്കെതിരെ കേരളത്തിൻ്റെ കാർഷിക മേഖലയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര വളർച്ച ഉറപ്പുവരുത്തുന്നതിനും കാർഷിക ബിസിനസ്സ് സംരംഭങ്ങൾ ആധുനികവൽക്കരിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമാകുന്നത്. കാലാവസ്ഥാ അനുകൂല കൃഷി മുറകൾ, കാർഷിക ഉത്പാദനങ്ങളിലെ മൂല്യവർദ്ധനവ്, ചെറുകിട സംരംഭങ്ങളുടെ സാമ്പത്തിക വളർച്ച തുടങ്ങി കാർഷിക മേഖലയുടെ സമഗ്ര പുനരുജ്ജീവനമാണ് അഞ്ചുവർഷത്തെ കേര പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

മാറി വരുന്ന കാലാവസ്ഥയ്ക്ക് അനുയോജ്യമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കാനും കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദനവും മൂല്യവർദ്ധനയും വിപണനവും വർദ്ധിപ്പിക്കാനും കർഷകരുടെ ഇടയിൽസംരംഭകത്വം വളർത്തിയെടുക്കുവാനുമാണ് കേര പദ്ധതിയുടെ പ്രധാന ലക്ഷ്യം. കാർഷിക പാരിസ്ഥിതിക യൂണിറ്റുകൾ അടിസ്ഥാനമാക്കി ഓരോ പ്രദേശങ്ങൾക്കും അനുയോജ്യമായ കൃഷിരീതികൾ നടപ്പിലാക്കുന്നതിനും, ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക്

പദ്ധതി നിർവ്വഹണത്തിനായി പ്രത്യേകം സഹായവും കേര പദ്ധതി നൽകുന്നു. റബ്ബർ, കാപ്പി, ഏലം തുടങ്ങിയ വിളകളുടെ പുനരുജ്ജീവനം കേര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യ സംസ്കരണത്തിൽ കാർഷിക ബിസിനസുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിലൂടെയും കർഷക ഉത്പാദക കമ്പനികളും കാർഷിക ബിസിനസുകളും തമ്മിൽ ഉൽപ്പാദന പരമായ സഖ്യങ്ങൾ രൂപീകരിക്കുന്നതിലൂടെയും കാർഷിക സമൂഹങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് വരുമാനവർദ്ധന സാധ്യമാക്കുകയാണ് ലക്ഷ്യം.

ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, വ്യവസായ വാണിജ്യ വകുപ്പ്, കിൻഫ്ര, കേരള കാർഷിക സർവ്വകലാശാല, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരള സ്റ്റാർട്ടപ്പ് മിഷൻ, ജലസേചന വകുപ്പ്, പ്ലാന്റേഷൻഡയറക്ടറേറ്റ് തുടങ്ങിയ വരുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഏകദേശം നാല് ലക്ഷം കർഷകർക്ക് നേരിട്ടും 10 ലക്ഷം കർഷകർക്ക് പരോക്ഷമായും പദ്ധതിയുടെ പ്രയോജനം ലഭ്യമാകും. കാർഷിക മേഖലയുടെ ഉത്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കാനാവും.

നാല് ദിവസങ്ങളിലായി കേര പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, കേരള കാർഷിക സർവകലാശാല, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, വി എഫ് പി സി കെ തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി കേര പദ്ധതി അവലോകനം, വയനാട്ടിലെ കാർഷിക മേഖലയിലെ കാലാവസ്ഥാ വ്യതിയാന പ്രതിരോധത്തിനായുള്ള നടപടികൾ, കാലാവസ്ത വ്യതിയാനവും കീടരോഗ വ്യാപനവും എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടക്കും.

കൊച്ചി കോർപ്പറേഷൻ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സി എ ഷക്കീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കേര റീജിയണൽ പ്രൊജക്റ്റ് ഡയറക്ടർ ഉണ്ണിരാജൻ പദ്ധതി വിശദീകരണം നടത്തി.

ഉൽപാദക സഖ്യങ്ങൾ - അവസരങ്ങൾ സാധ്യതകൾ എന്ന വിഷയത്തെ ആസ്പദമാക്കി കേര എസ്. പി.എം.യു നോഡൽ ഓഫീസർ (എൻവിയോൺമെന്റ് സോഷ്യൽ സേഫ് ഗാർഡ് ആൻഡ് ജെൻഡർ) ഡോ.യമുന, കേര റീജിയണൽ ഡപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ജോസഫ് ജോൺ തേറാട്ടിൽ, കേര എൻവൈറോൺ എക്സ്പെർട്ട് ഡോ. ദിവ്യ കെ.എം, എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ ഇന്ദു നായർ പി, കാർഷിക നഗര മൊത്തവ്യാപാര വിപണി സെക്രട്ടറിയും VFPCK സിഇഒ ബിജിമോൾ കെ ബേബി, ആത്മ പ്രൊജക്റ്റ് ഡയറക്ടർ സഞ്ജു സൂസൻ മാത്യു എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഇൻ ചാർജ് സ്വപ്ന പി എന്നിവർ സംസാരിച്ചു.

# പഠന – നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കാലാനുസൃതമായി പുതിയ ടെക്നോളജി ഉപയോഗിച്ച് പുതു തലമുറയെ കൃഷിയിലേക്ക് എത്തിക്കണം – മന്ത്രി ഒ.ആർ. കേളു

പഠന - നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കാലാനുസൃതമായി പുതിയ ടെക്നോളജി ഉപയോഗിച്ച് പുതു തലമുറയെ കൃഷിയിലേക്ക് എത്തിക്കണമെന്ന്പട്ടിക ജാതി - പട്ടിക വർഗ്ഗ - പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി ഒ. ആർ കേളു. കൽപ്പറ്റ ഓഷിൻ ഹോട്ടലിൽ നടന്ന കേര പദ്ധതി നിർവ്വഹണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള ബോധവത്ക്കരണ ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾക്കെതിരെ കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര വളർച്ച ഉറപ്പുവരുത്തുന്നതിനും കാർഷിക ബിസിനസ്സ് സംരംഭങ്ങൾ ആധുനികവൽക്കരിക്കുന്നതിനും പദ്ധതി ലക്ഷ്യമാക്കണമെന്ന് മന്ത്രി പറഞ്ഞു.

കാലാവസ്ഥാ അനുകൂല കൃഷി മുറകൾ, കാർഷിക ഉത്പാദനങ്ങളിലെ മൂല്യവർദ്ധനവ്, ചെറുകിട സംരംഭങ്ങളുടെ സാമ്പത്തിക വളർച്ച തുടങ്ങി കാർഷിക മേഖലയുടെ സമഗ്ര പുനരുജ്ജീവനമാണ് അഞ്ചുവർഷത്തെ കേര പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

മാറി വരുന്ന കാലാവസ്ഥയ്ക്ക് അനുയോജ്യമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കാനും കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദനവും

മൂല്യവർദ്ധനയും വിപണനവും വർദ്ധിപ്പിക്കാനും കർഷകരുടെ ഇടയിൽസംരംഭകത്വം വളർത്തിയെടുക്കുവാനുമാണ് കേര പദ്ധതിയുടെ പ്രധാന ലക്ഷ്യം. കാർഷിക പാരിസ്ഥിതിക യൂണിറ്റുകൾ അടിസ്ഥാനമാക്കി ഓരോ പ്രദേശങ്ങൾക്കും അനുയോജ്യമായ കൃഷിരീതികൾ നടപ്പിലാക്കുന്നതിനും, ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിനായി പ്രത്യേകം സഹായവും കേര പദ്ധതി നൽകുന്നു. റബ്ബർ, കാപ്പി, ഏലം തുടങ്ങിയ വിളകളുടെ പുനരുജ്ജീവനം കേര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭക്ഷ്യ സംസ്കരണത്തിൽ കാർഷിക ബിസിനസുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ



സ്ഥാപിക്കുന്നതിലൂടെയും കർഷക ഉത്പാദക കമ്പനികളും കാർഷിക ബിസിനസുകളും തമ്മിൽ ഉൽപ്പാദന പരമായ സഖ്യങ്ങൾ രൂപീകരിക്കുന്ന തിലൂടെയും കാർഷിക സമൂഹങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് വരുമാനവർദ്ധന സാധ്യമാക്കുകയാണ് ലക്ഷ്യം.

ഇൻ്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, വ്യവസായ വാണിജ്യ വകുപ്പ്, കിൻഫ്ര, കേരള കാർഷിക സർവകലാശാല, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരള സ്റ്റാർട്ടപ്പ് മിഷൻ, ജലസേചന വകുപ്പ്, പ്ലാൻ്റേഷൻഡയറക്ടറേറ്റ് തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഏകദേശം നാല് ലക്ഷം കർഷകർക്ക് നേരിട്ടും 10 ലക്ഷം കർഷകർക്ക് പരോക്ഷമായും പദ്ധതിയുടെ പ്രയോജനം ലഭ്യമാകും. കാർഷിക മേഖലയുടെ ഉത്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കാനാവും.

മൂന്ന് ദിവസങ്ങളിലായി കേര പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, കേരള കാർഷിക സർവകലാശാല, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, വകുപ്പ്, വി എഫ് പി സി കെ തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി കേര പദ്ധതി അവലോകനം, വയനാട്ടിലെ കാർഷിക മേഖലയിലെ കാലാവസ്ഥാ വ്യതിയാന പ്രതിരോധത്തിനായുള്ള നടപടികൾ,കാലാവസ്ഥ വ്യതിയാനവും കീടരോഗ വ്യാപനവും എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടക്കും.

അമ്പലവയൽ റീജിണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ എ.ഡി. ആർ ഡോ.യാമിനി വർമ്മഅധ്യക്ഷയായ ശില്പശാല പരിപാടിയിൽ കേര ആർ.പി.എം.യു റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ അമൽ മഹേശ്വർ, കേര ആർ.പി.എം.യു ഡെപ്യൂട്ടി റീജിയണൽ പ്രൊജക്ട് ഡയറക്ടർ ഷീന, കേര എസ്.പി.എം.യു പ്രൊക്യൂർമെൻ്റ് ഓഫീസർ സി.സുരേഷ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ഇൻചാർജ്കെ. ബിന്ദു, ആത്മ പ്രോജക്ട് ഡയറക്ടർ എ.ആർ സുരേഷ്, ആത്മ ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ അമ്പിളി എന്നിവർ സംസാരിച്ചു.

# കേര – ഉൽപാദക സഖ്യങ്ങൾക്കുള്ള ബോധവൽക്കരണ സെമിനാർ നടത്തി

കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര വളർച്ചയും കാലാവസ്ഥ അനുസൃത കൃഷി രീതികളിലൂടെ ഉൽപാദന വർദ്ധനവും ലക്ഷ്യമിട്ട് കൃഷി വകുപ്പ് ലോക ബാങ്ക് സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന കേര (കേരള ക്ലൈമറ്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ പ്രോജക്ട്) ഉൽപാദക സഖ്യങ്ങൾക്കുള്ള ബോധവൽക്കരണ സെമിനാർ കണ്ണൂർ ഹോട്ടൽ ബ്രോഡ് ബീനിൽ വച്ച് നടത്തി.

കർഷകർ,അഗ്രി ബിസിനസ് വിദഗ്ധർ, കർഷക സംഘങ്ങൾ, വ്യവസായ പ്രമുഖർ എന്നിവർക്കിടയിൽ പരസ്പര സഹകരണവും പങ്കാളിത്തവും വളർത്തുന്നതിനായുള്ള ബി ടു ബി മീറ്റും സുസ്ഥിര കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ബന്ധം മെച്ചപ്പെടുത്തുന്നതിനും ചെറുകിട കർഷകർ, കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ,അഗ്രി ബിസിനസ് പ്ലെയേഴ്സ് എന്നിങ്ങനെ മൂല്യ വർദ്ധന ശൃംഖലയിലെ വിവിധ തലങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും




ലക്ഷ്യമിട്ടാണ് സെമിനാർ സംഘടിപ്പിച്ചത്.

കേരളത്തിലെ അഗ്രി ബിസിനസുകളെ പ്രോത്സാഹിപ്പിക്കുക, കാർഷിക മേഖലയെ ഊർജ്ജപ്പെടുത്തുക, കാലാവസ്ഥ വ്യതിയാനത്തിന് അനുയോജ്യമായ കൃഷി രീതി പ്രോത്സാഹിപ്പിക്കുക, മൂല്യവർധിത കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുക, കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് കേര പദ്ധതി ലക്ഷ്യമിടുന്നത്.

കണ്ണൂർ അസിസ്റ്റന്റ് കലക്ടർ എഹ്തെദ മുഫസ്സിർ പരിപാടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കോഴിക്കോട് ആത്മ പ്രോജക്ട് ഡയറക്ടർ സ്മിത ഹരിദാസ് സ്വാഗതം പറഞ്ഞു. കണ്ണൂർ ആത്മ ഡെപ്യൂട്ടി ഡയറക്ടർ സുരേന്ദ്രൻ എ അധ്യക്ഷത വഹിച്ചു. കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ജ്യോതി കുമാരി കെ എൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അജിമോൻ കെ എസ് പ്രത്യേക പ്രഭാഷണം നടത്തി. കേര ടെക്നിക്കൽ ഓഫീസർ ജേക്കബ് ജോയ് കേര പദ്ധതികളെ കുറിച്ചുള്ള ആമുഖപ്രഭാഷണം നടത്തി. ഉൽപാദക സഖ്യങ്ങൾ – അവസരങ്ങൾ സാധ്യതകൾ എന്ന വിഷയത്തെ ആസ്പദമാക്കി കേര എസ്. പി.എം. യു.നോഡൽ ഓഫീസർ (എൻവിയോൺമെന്റ് സോഷ്യൽ സേഫ് ഗാർഡ് ആൻഡ് ജെൻഡർ) ഡോ.യമുന എസ്, കാർഷിക അവതരണം നടത്തി. കേര പ്രോജക്ട് മാനേജർ ആദർശ് കെ. കെ സെമിനാർ മോഡറേറ്റ് ചെയ്തു. കേര ഡെപ്യൂട്ടി റീജിയണൽ പ്രോജക്ട് ഡയറക്ടർ ശ്രീമതി ഷീന നന്ദി പറഞ്ഞു.

# കാർഷിക സംഭരണശാല കൃഷിമന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (ആർ. കെ. വി. വൈ.) പദ്ധതി പ്രകാരം ഒരുകോടി അഞ്ചു ലക്ഷം രൂപ ചെലവിൽ കൊല്ലംകോട് നെൻമേനി പാടശേഖര സമിതി നിർമ്മിച്ച നെല്ല് സംഭരണശാലയുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് നിർവഹിച്ചു.

ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ കർഷകനുള്ള പങ്ക് വളരെ വലുതാണ്. വിഷരഹിതമായ ഭക്ഷ്യയോൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ കർഷകർ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഐ സി എം ആർ ന്റെ പഠനപ്രകാരം 56.4 ശതമാനം ജീവിതശൈലി രോഗങ്ങളും വിഷലിപ്തമായ ഭക്ഷ്യ പദാർത്ഥങ്ങളാലും തെറ്റായ ഭക്ഷണക്രമം കൊണ്ടും ആണ് വരുന്നത്. ഇതിന് ഒരു പരിഹാരമാകുന്നത് കർഷകർ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ജൈവകൃഷിയിൽ ഏർപ്പെടുകയും ചെയ്യുമ്പോൾ ആണ്.

നെൽ കർഷകരുടെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് ബേബി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ക്രിയാത്മകമായ നടപടി ഉടൻതന്നെ സ്വീകരിക്കും. നെല്ല് സംഭരണത്തിന്റെ ഭാഗമായി കർഷകർക്ക് കിട്ടേണ്ട തുക എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സർക്കാർതലത്തിൽ കൈക്കൊണ്ടിട്ടുണ്ട്.

വിളയെ അടിസ്ഥാനമാക്കിയുള്ള കൃഷിരീതിയിൽ നിന്ന് കൃഷിയിടത്തെ അടിസ്ഥാനമാക്കിയുള്ള കൃഷിരീതിയിലേക്ക് കൃഷി വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ്. കർഷകർ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കുന്നതിന് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലേക്ക് കടക്കേണ്ടതുണ്ട്. ഇതിന് ആവ



ശ്യമായ പരിശീലനം കൊടുക്കുവാൻ കൃഷി വകുപ്പ് ക്രിയാത്മകമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. സപ്ലൈകോ വഴി സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് ലഭ്യമാക്കുന്നതിനും രാസവളത്തിന് വന്ന അമിതമായ വില വർദ്ധനവ് കുറയ്ക്കുന്നതിനും വേണ്ട നടപടികൾ കേന്ദ്ര ഗവൺമെന്റ് ഉടൻതന്നെ കൈക്കൊള്ളേണ്ടതാണെന്ന് കൃഷിമന്ത്രി പി പ്രസാദ് അഭിപ്രായപ്പെട്ടു.

നെൻമേനി പാടശേഖരസമിതി നെല്ല് സംഭരണശാലയിൽ വച്ച് നടന്ന പരിപാടിയിൽ നെന്മാറ എം.എൽ.എ കെ.ബാബു അധ്യക്ഷത വഹിച്ചു. ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർ ആറുമുഖപ്രസാദ് പദ്ധതി വിശദീകരണം നടത്തി. മലമ്പുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ബിന്ദു റിപ്പോർട്ട് അവതരണം നടത്തി. കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ വി.കെ. ഭാഗ്യലത, ആശ ആർ, കൊല്ലങ്കോട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ സ്മിതാ സാമുവൽ, കൊല്ലംകോട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ സത്യപാൽ, കൊല്ലംകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ആർ ചിന്നകുട്ടൻ, കൊല്ലംകോട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഗിരിജ, ബ്ലോക്ക്, പഞ്ചായത്ത് മെമ്പർ ഓമന സുബ്രഹ്മണ്യൻ, മറ്റ് ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ കർഷകർ മറ്റ് കൃഷി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. കൊല്ലംകോട് കൃഷി ഓഫീസർ ജ്യോതി ബി നന്ദി പറഞ്ഞു.

# തെരുവ് നായ നിയന്ത്രണത്തിന് മൃഗസംരക്ഷണ – തദ്ദേശ സ്വയംഭരണ വകുപ്പുകൾ സംയോജന പദ്ധതികൾ വരുന്നു – മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി.



തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി രാജേഷുമായി നടന്ന ചർച്ചയിൽ തെരുവുനായ നിയന്ത്രണത്തിനായി രണ്ടു വകുപ്പുകളും യോജിച്ച് ഫലപ്രദമായ ഇടപെടൽ നടത്താൻ തീരുമാനിച്ചതായി മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി അറിയിച്ചു. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് തെരുവ് നായ്ക്കളിൽ പേവിഷ പ്രതിരോധ വാക്സിനേഷൻ പദ്ധതികൾ സംസ്ഥാനമൊട്ടുക്ക് കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയാനുള്ള ABC പദ്ധതികൾ വ്യാപകമാക്കുന്നതിന് നിലവിലുള്ള ABC ചട്ടങ്ങൾ തടസ്സമായി വരുന്നുണ്ട്. അനിമൽ ബെർത്ത് കൺട്രോൾ

(എബിസി)കേന്ദ്രങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്നവർക്കെതിരെ നടപടിയെടുക്കാൻ പൊലീസിന് നിർദേശം നൽകും.സമാധാന ഭംഗം വരുത്തൽ, ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തൽ തുടങ്ങിയ വകുപ്പുകൾ ചുമത്തും. എബിസി ചട്ടങ്ങളിൽ ഇളവു വരുത്തുന്നതിനായി വീണ്ടും കേന്ദ്ര സർക്കാരിനെ സമീപിക്കും.

തെരുവുനായ വന്ധ്യംകരണത്തിനായി തദ്ദേശ വകുപ്പ് 152 ബ്ലോക്കുകളിലായി മൊബൈൽ പോർട്ടബിൾ എബിസി കേന്ദ്രങ്ങൾ ആരംഭിക്കും. ഒരു പോർട്ടബിൾ എബിസി യൂണിറ്റിന് 28 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.ഓർഡർ നൽകിയാൽ യൂണിറ്റുകൾ ലഭിക്കാൻ രണ്ടു മാസം വേണ്ടിവരും. ഇക്കാലയളവിൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം പഞ്ചായത്തും മുനിസിപ്പാലിറ്റിയും കണ്ടെത്തും.ബ്ലോക്കുകളിൽ അവ വിന്യസിക്കുന്നതിന് മുന്നോടിയായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു യൂണിറ്റ് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് പൈലറ്റ് സ്റ്റഡി നടത്തും. സ്ഥിരം എബിസി കേന്ദ്രങ്ങളെക്കാൾ ഇവയ്ക്ക് ചെലവ് കുറവാണ്. മൊബൈൽ എബിസി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് തദ്ദേശ സ്ഥാപനതലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കും. പട്ടി പിടുത്തത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലനം നേടിയ 158 പേർ ഉണ്ട്. തദ്ദേശ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖേന കൂടുതൽ പേരെ കണ്ടെത്താനും തീരുമാനിച്ചു.കേന്ദ്രചട്ടങ്ങളുടെ നിബന്ധനകളുയർത്തുന്ന വെല്ലുവിളിയും ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുമ്പോഴുള്ള ജനങ്ങളുടെ എതിർപ്പും ഇപ്പോൾ വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. തെരുവുനായ നിയന്ത്രണത്തിനായി മാലിന്യം വലിച്ചെറിയാതെ ജനങ്ങൾ സഹകരിക്കണം. എബിസി കേന്ദ്രങ്ങളോടും ജനങ്ങൾ സഹകരിക്കണം.

ഏഴ് മൊബൈൽ പോർട്ടബിൾ എബിസി കേന്ദ്രങ്ങൾ കൂടി മൃഗസംരക്ഷണ വകുപ്പ് വാങ്ങും.നിലവിൽ 17 സ്ഥിരം എബിസി കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. 13 കേന്ദ്രങ്ങളുടെ നിർമാണം അന്തിമഘട്ടത്തിലാണ്. 28 കേന്ദ്രങ്ങൾക്കായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്.സെപ്റ്റംബറിൽ വളർത്തുനായകൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പും ലൈസൻസും ലഭ്യമാക്കാനായി ക്യാംപ് സംഘടിപ്പിക്കും.അടുത്ത മാസം തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിന് പ്രത്യേക യജ്ഞം. എബിസി കേന്ദ്രത്തിനായി പട്ടിയെ പിടിക്കുന്നവർക്ക് 300 രൂപ നൽകും. വന്ധ്യംകരണത്തിനായി ഇന്ത്യൻ വെറ്ററിനറി അസോസിയേഷന്റെ സേവനം പ്രയോജനപ്പെടുത്തും.

പശുക്കളിൽ ചിപ്പ് ഘടിപ്പിക്കുന്നതു പോലെ ഇനി മുതൽ വളർത്തു നായ്ക്കളിലും ചിപ്പ് ഘടിപ്പിക്കും. പന്ത്രണ്ടക്ക നമ്പർ അടങ്ങിയ ചിപ്പിലൂടെ മേൽവിലാസവും വാക്സിനേഷൻ എടുത്തിട്ടുണ്ടോയെന്നും ലൈസൻസ് ഉണ്ടോയെന്നും അറിയാനാകും. ഇതൊരു സാമൂഹ്യ പ്രശ്നമായതിനാൽ ഏവരുടെയും സഹകരണത്തോടെ മാത്രമെ ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടാനാകൂ.

ഇരു വകുപ്പുകളും ചേർന്ന് തെരുവ് നായ പ്രശ്നത്തിൽ ശാശ്വത പരിഹാരത്തിനായി മുന്നോട്ടു പോകും.ഏവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

# കേര പദ്ധതി: ശില്പശാല ഉദ്ഘാടനം കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി. അശോക് ഐ.എ.എസ്. നിർവ്വഹിച്ചു

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, മണ്ണ് പര്യവേക്ഷണ -മണ്ണ് സംരക്ഷണ വകുപ്പ്, കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ, കിൻഫ്രാ, സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്കായി നടത്തി വരുന്ന മാസ്സ് സെൻസിറ്റൈസേഷൻ പ്രോഗ്രാം ഉദ്ഘാടനം കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & കാർഷികോല്പാദന കമ്മീഷനേർ ഡോ. ബി. അശോക് ഐ.എ.എസ്. തിരുവനന്തപുരം ഡിമോറ ഹോട്ടലിൽ നിർവ്വഹിച്ചു. നബാർഡ് സി.ജി.എം. നാഗേഷ് കുമാർ അനുമല മുഖ്യ പ്രഭാഷണം നടത്തി.




കാലാവസ്ഥ വ്യതിയാനം മൂലം പരിസ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി വിഭാവന ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രാധാന്യത്തെ അദ്ദേഹം അഭിനന്ദിച്ചു. കർഷകർക്കും/കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസിനുമിടയിൽ സുസ്ഥിര ഉൽപാദന സഖ്യങ്ങളുടെ

(Productive Alliance) രൂപീകരണത്തിനായി തയ്യാറാക്കിയ പോർട്ടൽ (pa.kera.kerala.gov.in) തദവസരത്തിൽ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അനാച്ഛാദനം ചെയ്തു. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിൽ നിന്നും അനുയോജ്യരായ കർഷക ഉത്പാദക കമ്പനികളെയും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നതിലൂടെ ഉത്പാദക സഖ്യങ്ങൾ ഉണ്ടാകുകയും ഇത് കാർഷിക മേഖലയിലെ മൂല്യ ശൃംഖല ശക്തിപ്പെടുത്തുവാൻ സഹായകരമാവുകയും ചെയ്യും.

ജൂലൈ 28 മുതൽ ആഗസ്റ്റ് 1 വരെ തീയതികളിലായി നടന്നുവരുന്ന പരിശീലന പരിപാടിയിൽ പദ്ധതിയിൽ പങ്കാളികളാകുന്ന വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ പങ്കെടുത്തുവരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ മാനേജർ സുശീൽ കുമാർ, കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജ് ഡീൻ ഡോ. റോയ് സ്റ്റീഫൻ ലോക ബാങ്ക് പ്രതിനിധി സോണി തോമസ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചു. കേര പദ്ധതി ഇൻഡസ്ട്രീസ് സ്പെഷ്യലിസ്റ്റ് ശ്യാം കൃഷ്ണൻ യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

# ലോക ജന്തുജന്യ രോഗ ദിന– അവബോധ ശിൽപശാല

ജില്ലാ പ്രോഗ്രാം മാനേജർമാർ, ബ്ലോക്ക് കോർഡിനേറ്റർമാർ, മൃഗസംരക്ഷണ സിആർപിമാർ (പശു സഖികൾ) എന്നിവർക്കായി 2025 ജൂലൈ 15 ന് കുടുബശ്രീ സ്റ്റേറ്റ് മിഷൻ, വെറ്ററിനറി പബ്ലിക് ഹെൽത്ത് വകുപ്പ്, ഐസിഎആർ–എഐഎൻപി ഒഎച്ച് പ്രോജക്റ്റ്, സ്കൂൾ ഓഫ് സൂനോസിസ് പബ്ലിക് ഹെൽത്ത് ആൻഡ് പാത്തോബയോളജി കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് എന്നിവ സംയുക്തമായി ലോക ജന്തുജന്യ രോഗ ദിന ബോധവൽക്കരണ ശിൽപശാല സംഘടിപ്പിച്ചു.

മണ്ണുത്തിയിലെ കോളേജ് ഓഫ് വെറ്ററിനറി സയൻസസിലെ ഡീൻ ഡോ. അല്ലി കെ പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ കുടുംബശ്രീയിലെ ഡോ. സലിൽ യു അധ്യക്ഷത വഹിച്ചു. തൃശ്ശൂർ മിഷൻ കോർഡിനേറ്റർ. വെറ്ററിനറി പബ്ലിക് ഹെൽത്ത് വകുപ്പ് അസോസിയേറ്റ് പ്രൊഫസർ ഡോ. കെ. വൃന്ദ മേനോൻ സ്വാഗതം പറഞ്ഞു. കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം ഓഫീസർ ഡോ. വന്ദന ശശിധരൻ ആശംസാ പ്രസംഗം നടത്തി.

നിപ്പ, ക്ഷയം, റാബിസ് എന്നിവയിൽ പ്രത്യേക ഊന്നൽ നൽകുന്ന ജന്തുജന്യ രോഗങ്ങളും നിയന്ത്രണ തന്ത്രങ്ങളും, ആന്തെൽമിന്റിക്, അകാരിസൈഡ് – ന്യായമായ ഉപയോഗം, ജലശുചിത്വം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ യഥാക്രമം ഡോ. സി. സേതുലക്ഷ്മി, ഡോ. ആശ രാജഗോപാൽ, ഡോ. കെ. വൃന്ദ മേനോൻ എന്നിവർ കൈകാര്യം ചെയ്തു. ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി "മൃഗരോഗങ്ങളെ എങ്ങനെ തിരിച്ചറിയാം, മൃഗരോഗങ്ങൾ ഉണ്ടാകുന്നത്" എന്ന വിഷയത്തിൽ ഒരു പ്രദർശനവും സംഘടിപ്പിച്ചു.

ഐസിഎആർ ഓൾ ഇന്ത്യ നെറ്റ്‌വർക്ക് പ്രോജക്ട് ഓൺ വൺ ഹെൽത്തിന് കീഴിൽ, പങ്കെടുക്കുന്നവരെ എലിപ്പനി പരിശോധനയ്ക്ക് വിധേയമാക്കി. പദ്ധതിയുടെ ഭാഗമായി എലിപ്പനി, റാബിസ് എന്നിവയെക്കുറിച്ചുള്ള ലഘുലേഖകൾ വിതരണം ചെയ്തു.



# വയനാട് അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ അവൊക്കാഡോ ഫെസ്റ്റ് 2025 സംഘടിപ്പിച്ചു




ജൂലൈ 31 ലോക അവൊക്കാഡോ ദിനമായി ആചരിക്കുന്നതോടനുബന്ധിച്ച് 2025 ജൂലൈ 30, 31 തീയതികളിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രവും വയനാട് ഹിൽസ് ഫാർമർ പ്രൊഡ്യൂസർ കമ്പനിയും കിസാൻ സർവീസ് സൊസൈറ്റിയും സംയുക്തമായി അവൊക്കാഡോ ഫെസ്റ്റ് 2025 സംഘടിപ്പിച്ചു. അവൊക്കാഡോ ഫെസ്റ്റ് 2025-ന്റെ ആമുഖ പരിപാടി ചൂരൽമല ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ഒരു നിമിഷം മൗനചരണത്തോടെയാണ് ആരംഭിച്ചത്.

ബഹു : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. പി . പ്രസാദ് ഫെസ്റ്റിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയും അമ്പലവയലിനെ അവൊക്കാഡോ നഗരമായി പ്രഖ്യാപിക്കുകയും ചെയ്തു. ബഹു : സുൽത്താൻ ബത്തേരി M.L.A. ശ്രീ . ഐ . സി. ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ശ്രീ. ബി. അശോക് IAS, മുഖ്യ പ്രഭാഷണം നടത്തി . അവൊക്കാഡോയുടെ വിപണന സാധ്യതകൾ കണ്ടുപിടിച്ച് കർഷകർക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിനു ശ്രമങ്ങൾ നടത്തേണ്ടതുണ്ട് എന്നും അവൊക്കാഡോ പോലെ പോഷക സമൃദ്ധവും വിപണന മൂല്യവും ഉള്ള മറ്റു ഫലങ്ങൾ കണ്ടുപിടിച്ച് പ്രോത്സാഹനം നൽകേണ്ടതുണ്ട് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു . സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ബിനോ പി. ബോണി സ്വാഗതം പറഞ്ഞു.

പോഷകങ്ങളുടെ കാലവറയും, ദോഷകരമായ കൊളസ്ട്രോൾ കുറക്കാൻ സഹായിക്കുന്ന HDL ധാരാളം അടങ്ങിയിട്ടുള്ളതുമായ അവൊക്കാഡോ പഴത്തിന്റെ കൃഷി, കർഷകർക്കും സംരംഭകർക്കും പുതിയ സാധ്യതകൾ തുറന്നു കൊടുക്കുന്നു.വയനാട്ടിലെ അവൊക്കാഡോ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, അവൊക്കാഡോയുടെ സംസ്കരണം, മൂല്യവർദ്ധനം, വിപണനം എന്നീ മേഖലകളിലെ നൂതനസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വയനാടൻ അവോകാഡോയ്ക്ക് ലോകവിപണിയിൽ സ്ഥാനം നേടിയെടുക്കുന്നതിനായുള്ള കർമ്മ പദ്ധതികൾക്ക് ഈ ശില്പശാലയോടനുബന്ധിച്ചു തുടക്കം കുറിച്ചു.

കർഷകരുൾപ്പെടെ ഏകദേശം 250 ഓളം ആളുകൾ പങ്കെടുത്ത ചടങ്ങിൽ സെമിനാറുകളും, കർഷകരും ശാസ്ത്രജ്ഞരും തമ്മിൽ മുഖാമുഖ ചർച്ചകളും നിരവധി മത്സരങ്ങളും സംഘടിപ്പിച്ചു. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സംഷാദ് മരയ്ക്കാർ, സ്റ്റാളുകളുടെ ഉദ്ഘാടനം നിർവഹിച്ചു.

അമ്പലവയൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഹഫ്സത്ത് സി. കെ., പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ജെസ്സി ജോർജ്, അമ്പലവയൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഷമീർ കെ ., വാർഡ് മെമ്പർ ശ്രീമതി. ഷിഫാനത്ത് എം. എ., കിസാൻ സർവീസ് സൊസൈറ്റി നാഷണൽ ജനറൽ സെക്രട്ടറി ശ്രീ . സുരേഷ്, അമ്പലവയൽ വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ശ്രീ . ഓ. വി. വർഗ്ഗീസ് എന്നിവർ പരിപാടിയിൽ സംബന്ധിച്ചു. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം എ. ഡി. ആർ& ഡീൻ ഡോ. സി.കെ. യാമിനി വർമ്മ നന്ദി പ്രകാശിപ്പിച്ചു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sindu K.S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. V. Krishnadas., Design & Layout : Maya Santhosh